LIBRARY ARCHIVES Kerala Legislative Assembly

പുതിയ ഐ.ടി.ഐ.കൾ

66 (5471) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും പ്രാദേശികമായി ലഭ്യമാക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ വ്യവസ്ഥപ്രകാരം എവിടെയൊക്കെ ഐ.ടി.ഐ. കൾക്കാവശ്യമായ സ്ഥലവും കെട്ടിട സൗകര്യവും ഇതുവരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) സ്ഥലവും കെട്ടിട സൗകര്യങ്ങളും ലഭ്യമാകാത്ത സ്ഥലങ്ങളിൽ സർക്കാർ സ്ഥലമേറ്റടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതിയ ഐ.ടി.ഐ. അനുവദിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം, കെട്ടിടം, ഫർണിച്ചർ മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ഒരുക്കി നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) പുതിയതായി ആരംഭിച്ച 23 ഐ.ടി.ഐ. കൾക്കും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ താൽക്കാലിക കെട്ടിടവും മറ്റ് അടി സ്ഥാന സൗകര്യങ്ങളും ഒരുക്കി നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ ഇളമാട് ഗ്രാമപഞ്ചായത്ത് ഇതിനകം സ്ഥലം സൗജന്യമായി വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്.

(സി) സ്ഥലവും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുന്ന സ്ഥലങ്ങളിൽ മാത്രം പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതി നാണ് സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്.

മലപ്പുറം ജില്ലയിൽ പുതിയ ഐ.റ്റി.ഐ.കൾ

67 (5472) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ എത്ര പുതിയ ഐ.ടി.ഐ.കൾ ആരംഭിച്ചു എന്നും എവിടെയെല്ലാ മാണെന്നും വെളിപ്പെടുത്തുമോ ;

(ബി) മലപ്പുറം മണ്ഡലത്തിൽ ഐ.ടി.ഐ.ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ?